ഇടുക്കി രൂപതാ മുഖപത്രം

# ഇടയൻ

വാല്യം : 2 ലക്കം : 1

ജനുവരി 2024

## സീറോ മലബാർ സഭാ മേജർ ആർച്ച്ബിഷപ്പ്



## മാർ റാഫേൽ തട്ടിൽ ശ്രേഷ്ഠ മെത്രാപ്പോലീത്തായ്ക്ക്

ഇടുക്കി രൂപതയുടെ പ്രാർത്ഥനാശംസകൾ

# അഭിമാനം... നെടുങ്കണ്ടം...

## നെടുങ്കണ്ടം പള്ളി മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടന പദവിയിലേക്ക്.



1952 ൽ ഹൈറേഞ്ചിലെ മിഷനറി എന്നറിയപ്പെടുന്ന ബഹുമാനപ്പെട്ട പുൽപ്പറമ്പിൽ ശൗര്യാരച്ചന്റെ നേതൃത്വത്തിൽ ഷെഡുകെട്ടി ബലിയർപ്പിച്ച് ആരംഭിച്ചതാണ് ഇടവകയുടെ ചരിത്രം .

ആദ്യകാലത്ത് അൻപതിൽ താഴെ കുടുംബങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളുവെങ്കി ലും നെടുങ്കണ്ടത്തിന്റെ വളർച്ച അതിവേഗത്തിലായിരുന്നു ക്രൈസ്തവ വിശ്വാസികൾ തിങ്ങിപ്പാർക്കുന്ന വലിയ ഇടവകയായി ഇത് രൂപാന്തരപ്പെട്ടു. ഇതിനോടകം അജപാലന സൗകര്യാർത്ഥം നെടുംകണ്ടത്തുനിന്നും തിരിഞ്ഞ് സ്വതന്ത്ര ഇടവകകളായത് 8 ഇടവകകളാണ് എന്നത് നെടുംകണ്ടത്തിന്റെ വളർച്ചയെ പ്രകടമാക്കുന്നതാണ്. ഇന്ന് ആയിരത്തോളം കുടുംബങ്ങളുള്ള വലിയ ഇടവകയാണ് നെടുംകണ്ടം.1964 ൽ ബഹുമാനപ്പെട്ട ജോസഫ് കക്കുഴി അച്ചന്റെ നേതൃത്വത്തിൽ വലിയ ത്യാഗത്തിന്റെ ഫലമായി പണിതീർത്ത ദൈവാലയം നെടുങ്കണ്ടത്തിന്റെ പ്രകാശഗോപുരമായിരുന്നു. ഒപ്പം ആ ജനതയുടെ ഒരു വികാരവും ആത്മീയകേന്ദ്രവുമായിരുന്നു. ബഹുമാനപ്പെട്ട ജോസഫ് കക്കുഴി അച്ചന്റെ 14 വർഷം നീണ്ട ശുശ്രൂഷ നെടുങ്കണ്ടത്തെ എല്ലാത്തരത്തിലും വളർച്ചയിലേക്ക് നയിക്കുന്നതായിരുന്നു. 1973 ഫെബ്രുവരി അഞ്ചിന് അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തിന്റെ ഫലമായി ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ആശുപത്രി നെടുങ്കണ്ടത്ത് പ്രവർത്തനമാരംഭിച്ചു. ഈ പ്രദേശത്തെ റോഡുകൾ, ഗവൺമെന്റ് സ്ഥാപനങ്ങൾ, താലൂക്ക്, പഞ്ചായത്ത്, സഹകരണ സ്ഥാപനങ്ങൾ, സ്കൂളുകൾ,ബാങ്കുകൾ തുടങ്ങിയവ നാടിന്റെ നാനാവിധമായ പുരോഗതിയിൽ അതീവ ശ്രദ്ധാലുവായിരുന്നു ബഹുമാനപ്പെട്ട കക്കുഴിച്ചൻ എന്നതിന് നിദർശനമാണ്.

വസൂരിയുടെയും മലമ്പനിയുടെ കൊടിയയാതനകളുടെ നാളുകളിൽ പഴയ തലമുറയുടെ അഭയകേന്ദ്രമായിരുന്നു വി. സെബസ്ത്യാനോസ്. നെടുങ്കണ്ടം ഇടവകയുടെ സ്വർഗ്ഗീയ മധ്യസ്ഥനും വി. സെബസ്ത്യാനോസാണല്ലൊ. നാനാജാതി മതസ്ഥരായ ആളുകൾ വിശുദ്ധന്റെ മധ്യസ്ഥം തേടി കഴുന്നെടുത്ത് പ്രാർത്ഥിക്കാൻ ഇവിടെ എത്തിച്ചേരുമായിരുന്നു. നെടുങ്കണ്ടം പള്ളിയിലെ തിരുന്നാൾ ഹൈറേഞ്ചിന്റെ വലിയ ആത്മീയ ആഘോഷമായിരുന്നു 10 ദിവസങ്ങൾ നീണ്ട തിരുനാളിലും പ്രദക്ഷണത്തിലും പങ്കെടുത്ത് പ്രാർത്ഥിക്കാൻ എത്തുന്ന തീർത്ഥാടകരുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചു വന്നിരുന്നു.

ഇടുക്കി രൂപത സ്ഥാപിതമായശേഷം 2023 ജൂലൈ 12 ന് നെടുങ്കണ്ടം ഫൊറോന പള്ളിയായി ഉയർത്തപ്പെട്ടു.

ദൈവാലയം നിർമ്മിച്ച് 55 വർഷങ്ങൾ പിന്നിട്ടപ്പോൾ അസൗകര്യങ്ങൾ മൂലം പുതിയ ദൈവാലയം അനിവാര്യമാണെന്ന് വന്നു. അങ്ങനെയാണ് ബഹു. ജെയിംസ് ശൗര്യംകുഴി അച്ചന്റെ നേതൃത്വത്തിൽ കുടിയേറ്റ ജനതയുടെ വിശ്വാസദാർഢ്യവും അർപ്പണബോധവുമുള്ള പുതിയ തലമുറ ഒരു പുതിയ ദൗത്യം ഏറ്റെടുത്തത്. 2019 –ൽ ആരംഭിച്ച നിർമ്മാണം പൂർത്തിയായി ആത്മീയതയും പ്രാർത്ഥനാന്തരീക്ഷവും നിറഞ്ഞ ഒരു ദൈവഭവനമായി രൂപാന്തരപ്പെട്ടിരിക്കുന്നു. ബഹുമാനപ്പെട്ട ശൗര്യാകുഴി അച്ചന്റെ അസാധാരണമായ നേതൃത്വ പാടവവും വൈദക്ത്യവും ദീർഘവീഷണവും ഇവിടെ പ്രകടമാവുകയാണ്.

പുതിയ ദൈവാലയത്തിന്റെ കൂദാശയോടുകൂടി നെടുങ്കണ്ടം ഇടവകയ്ക്ക് ഒരു പുതിയ പദവികൂടി ലഭിച്ചിരിക്കുന്നു. ഇടവകയുടെ പൗരാണികതയും ചരിത്ര പ്രാധാന്യവും കണക്കിലെടുത്ത് സഭയിലെ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടന ദൈവാലയമായി പ്രഖ്യാ പിച്ചിരിക്കുന്നു. ഹൈറേഞ്ചിൽ, ഈ പദവിയിലേക്ക് ഉയർത്തപ്പെടുന്ന ആദ്യ ഇടവകയായി നെടുങ്കണ്ടം മാറുകയാണ്.







# നെടുംങ്കണ്ടം സെൻ്റ് സെബാസ്റ്റ്യൻസ്

## മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടന ദൈവാലയം



സീറോ മലബാർ സഭയിലെ പൗരാണികവും ചരിത്രപരമായി പ്രാധന്യമുള്ളതുമായ ദൈവാലയങ്ങൾക്കും തീർത്ഥാടന കേന്ദ്രങ്ങൾക്കും 'മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടനദൈവാലയം' എന്ന പദവി നൽകാൻ 2018 ജനുവരി മാസം നടന്ന സീറോമലബാർ സഭയുടെ ഇരുപത്തിയാറാം സിനഡിൻ്റെ ഒന്നാം സമ്മേളനം തീരുമാനിച്ചിരുന്നു. 2023 ആഗസ്റ്റ് മാസം 21 മുതൽ 26 വരെ നടന്ന സീറോമലബാർ സഭയുടെ മുപ്പത്തിയൊന്നാമത് സിനഡിൻ്റെ മൂന്നാം സമ്മേളനം നെടുങ്കണ്ടം സെൻ്റ് സെബാസ്റ്റ്യൻസ് ഫൊറോന ദൈവാലയത്തെ മേജർ ആർക്കി എപ്പിസ്കോപ്പൽ ദൈവാലയമായി ഉയർത്താൻ തീരുമാനിച്ചു. 2024 ജനുവരി 18 ാം തിയതി പുതുതായി നിർമ്മാണം പൂർത്തിയായ നെടുംങ്കണ്ടം സെൻ്റ് സെബാസ്റ്റ്യൻസ് ഫൊറോന ദൈവാലയത്തിൻ്റെ കൂദാശാവസരത്തിൽ സീറോമലബാർ സഭയുടെ മേജർ ആർച്ച് ബിഷപ് മാർ റാഫേൽ തട്ടിൽ പിതാവ് ഈ പദവി സംബന്ധിച്ചുള്ള കല്പന നൽകി.

മേജർ ആർച്ച് ബിഷപിൻ്റെ സിംഹാസനം സ്ഥിതി ചെയ്യുന്നു എന്നതിനാൽ തന്നെ സഭയിലെ ഏറ്റവും പ്രാധാന്യമുള്ള ദൈവാലയങ്ങളാണ് മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടന ദൈവാലയങ്ങൾ. വർഷത്തിൽ ഒരിക്കലെങ്കിലും മേജർ ആർച്ച് ബിഷപ് ഈ ദൈവാലയങ്ങളിൽ സന്ദർശനം നടത്തുന്ന പതിവുമുണ്ട്. മേജർ ആർക്കി എപ്പിസ്കോപ്പൽ ദൈവാലയങ്ങളിൽ കാലാകാലങ്ങളിൽ ശുശ്രൂഷ ചെയ്യുന്ന വികാരിമാർ ആർച്ച് പ്രീസ്റ്റ് എന്ന പേരിലായിരിക്കും അറിയപ്പെടുന്നത്.

ഇത്രയും കാലം ഒരു ഇടവകദൈവാലയം മാത്രമായിരുന്ന നെടുങ്കണ്ടം സെൻ്റ് സെബാസ്റ്റ്യൻസ് ഫൊറോന ദൈവാലയം ഇനി മുതൽ ഒരു തീർത്ഥാടന ദൈവാലയമാണ്. വി. സെബസ്ത്യാനോസിൻ്റെ നാമധേയത്തിലുള്ള ഈ ദൈവാലയം സന്ദർശിച്ച് പ്രാർത്ഥിക്കുന്നവർക്ക് സഭ നിർദ്ദേശിച്ചിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും അനുഗ്രഹങ്ങളും ലഭിക്കുന്നതാണ്. നമ്മുടെ വിശ്വാസ വളർച്ചയ്ക്കും പ്രാർത്ഥനജീവിതത്തിനും ഈ തീർത്ഥാടനകേന്ദ്ര സന്ദർശനവും വി. സെബസ്ത്യാനോസിൻ്റെ മാധ്യസ്ഥ്യവും സഹായകരമാകും.

## ഫാ. ജെയിംസ് ശൗര്യാംകുഴി പ്രഥമ ആർച്ച് പ്രീസ്റ്റ്



***ആർച്ച് പ്രീസ്റ്റായി നിയമിച്ചുകൊണ്ടുള്ള ഉത്തരവ് മാർ റാഫേൽ തട്ടിൽ ജെയിംസ് ശൗര്യാംകുഴി അച്ചന് കൈമാറുന്നു.***

നെടുങ്കണ്ടം സെൻ്റ് സെബാസ്ററ്യൻസ് മേജർ ആർക്കി എപ്പിസ്കോപ്പൽ ദൈവാലയത്തിൻ്റെ പ്രഥമ ആർച്ച് പ്രീസ്റ്റായി ഫാ ജെയിംസ് ശൗര്യാംകുഴി അച്ചനെ നിയമിച്ചു. ഇത് സംബന്ധിച്ച കൽപ്പന മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ അദ്ദേഹത്തിന് കൈമാറി.

ഇരട്ടയാർ ശൗര്യാംകുഴിയിൽ ജോസഫ് റോസമ്മ ദമ്പതികളുടെ നാല് മക്കളിൽ മൂന്നാമനാണ് അദ്ദേഹം. 1994 ഏപ്രിൽ 12 ന് മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിൽനിന്നും പൗരോഹിത്യം സ്വീകരിച്ചു. കലയന്താനി, കല്ലൂർക്കാട്, മൈലക്കൊമ്പ്, മാറിക, പാറത്തോട് എന്നീ പള്ളികളിൽ സഹവികാരിയായി അദ്ദേഹം ശുശ്രൂഷ ചെയ്തു. കോതമംഗലം രൂപതയിൽ കെസി എസ് എൽ റീജിയണൽ ഡയറക്ടറും സി എം എൽ വാഴക്കുളം മേഖലാ അസി. ഡയറക്ടറുമായിരുന്നു. ആനക്കുളം, മുണ്ടൻമുടി, ശെല്യാംപാറ, കാന്തിപ്പാറ, രാജകുമാരി, തോപ്രാംകുടി, ചുരുളി പള്ളികളിൽ വികാരിയായും ശുശ്രൂഷ ചെയ്തു. മുണ്ടൻമുടി, രാജകുമാരി ഇടവകകളിൽ മനോഹരമായ ദൈവാലയവും തോപ്രാംകുടിയിൽ പരിഷ്ഹാളും നിർമ്മിക്കുന്നതിന് നേതൃത്വം നൽകി അദ്ദേഹം തൻ്റെ നിർമ്മാണ വൈദക്ത്യം തെളിയിച്ചതിനു ശേഷമാണ് നെടുങ്കണ്ടത്ത് അതിമനോഹരമായ ആലയം പണികഴിപ്പിച്ചത്. അദ്ദേഹത്തിൻ്റെ ആത്മാർത്ഥവും വിശുദ്ധവുമായ പൗരോഹിത്യ ജീവിതത്തിന് ലഭിച്ച അംഗീകാരംകൂടിയാണ് ഈ പദവി.

*എഡിറ്റോറിയൽ*

# ക്രൈസ്തവ വേട്ടയിൽ ഇന്ത്യ മുന്നോട്ട് കുതിക്കുന്നു

തീവ്ര ഹിന്ദുത്വ നിലപാടുള്ള ബിജെപി ഭരിക്കുന്ന ഭാരതം ക്രൈസ്തവ വിരുദ്ധ പീഡനം രൂക്ഷമായ രാജ്യങ്ങളുടെ പട്ടികയിൽ പതിനൊന്നാം സ്ഥാനത്ത്. ആഗോള തലത്തിൽ ക്രൈസ്തവ വിരുദ്ധ പീഡനങ്ങൾ നിരീക്ഷിക്കുന്ന ഓപ്പൺ ഡോർസ് സംഘടന പുറത്തുവിട്ട 2024 വേൾഡ് വാച്ച് ലിസ്റ്റ് റിപ്പോർട്ടിലാണ് ഇക്കാര്യം വ്യക്തമാക്കിയിരിക്കുന്നത്. തീവ്ര ഹിന്ദുത്വ നിലപാടു തുടരുന്നവർ, ഇന്ത്യക്കാർ ഹിന്ദുക്കളായിരിക്കണമെന്ന വാശിയാണ് പീഡനങ്ങൾക്ക് പ്രേരകമാകുന്നതെന്നും ഹിന്ദുമതത്തിന് പുറത്തുള്ള ഒരു വിശ്വാസവും ഇന്ത്യയിൽ സ്വാഗതം ചെയ്യപ്പെടുന്നില്ലായെന്നും ഇത് ആക്രമണങ്ങളിലേയ്ക്കു നയിക്കുകയാണെന്നും ഓപ്പൺ ഡോർസ് റിപ്പോർട്ടിൽ പറയുന്നു.

തങ്ങളുടെ വിശ്വാസം പങ്കുവെയ്ക്കുന്ന ക്രൈസ്തവ വിശ്വാസികളെ ഭീഷണിപ്പെടുത്തുകയോ കുറ്റം ചാർത്തുകയോ ചെയ്യുന്ന സാഹചര്യം നിലനിൽക്കുന്നുണ്ടെന്ന് റിപ്പോർട്ടിൽ പറയുന്നു. കൂടുതൽ സംസ്ഥാനങ്ങൾ മതപരിവർത്തന വിരുദ്ധ നിയമങ്ങൾ നടപ്പിലാക്കുകയാണ്. ഹിന്ദുമതത്തിൽ നിന്ന് ക്രൈസ്തവ വിശ്വാസം സ്വീകരിക്കുന്നവരെ പൂർവവിശ്വാസത്തിലേക്ക് മടങ്ങാൻ ഹിന്ദു ദേശീയവാദികൾ അതിശക്തമായ സമ്മർദ്ദം ചെലുത്തുന്നുണ്ട്. ഹിന്ദുമതത്തിൽ നിന്ന് പരിവർത്തനം ചെയ്ത ക്രൈസ്തവരിൽ പട്ടികജാതി, പട്ടികവർഗം പോലുള്ള സമൂഹങ്ങളാണ് പീഡനത്തിന് ഏറ്റവും ഇരയാക്കപ്പെടുന്നത്.

വടക്കുകിഴക്കൻ സംസ്ഥാനമായ മണിപ്പൂരിൽ 2023 മെയ് മാസത്തിൽ വംശീയ -മത കലാപം പൊട്ടിപ്പുറപ്പെട്ടപ്പോൾ ഉണ്ടായ പീഡനം ലോകം ഭീതിയോടെയാണ് നോക്കിക്കണ്ടതെന്ന് 'ഓപ്പൺ ഡോർസ്' ചൂണ്ടിക്കാട്ടുന്നു. വംശീയ സംഘടനകളിൽ ഉടനീളം ക്രൈസ്തവരെ ലക്ഷ്യംവച്ചുകൊണ്ടുണ്ടായ തർക്കം, മതപരമായ മാനത്തിലേക്ക് നയിച്ചുകൊണ്ട് ആയിരക്കണക്കിന് ക്രൈസ്തവർ കുടിയിറിക്കപ്പെടുന്നതിനും, ഡസൻ കണക്കിന് ദേവാലയങ്ങൾ അഗ്നിക്കിരയാകുന്നതിനും, നിരവധി വിശ്വാസികൾ കൊല്ലപ്പെടുന്നതിനും ഇടയാക്കി.

2023 ജനുവരിയിൽ ഛത്തീസ്ഗഡ് സംസ്ഥാനത്തിലെ ആയിരക്കണക്കിന് ക്രിസ്ത്യാനികൾ അവരുടെ വീടുകളിൽ നിന്നും ഗ്രാമങ്ങളിൽ നിന്നും തുരത്തപ്പെട്ട് അഭയാർത്ഥികളായി പോകേണ്ടിവന്ന സാഹചര്യത്തിനും ഇന്ത്യ സാക്ഷിയായി. ഇന്ത്യയിൽ ക്രിസ്ത്യാനിയാകുന്നത് എത്രത്തോളം അപകടകരമാണെന്നതിന്റെ ഗൗരവമായ ഓർമ്മപ്പെടുത്തലായിരുന്നു അത്. അടിയന്തര സഹായം, പീഡന അതിജീവന പരിശീലനം, ഉപജീവനസാമൂഹിക വികസന പദ്ധതികൾ എന്നിവ ലഭ്യമാക്കാൻ ഓപ്പൺ ഡോർസിന്റെ പ്രാദേശിക പങ്കാളികൾ ഇന്ത്യയിൽ പ്രവർത്തിക്കുന്നുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു.

അയോധ്യയിലെ രാമക്ഷേത്ര പ്രതിഷ്ഠാ ചടങ്ങിന്റെ ആവേശത്തിൽ മധ്യപ്രദേശിൽ ക്രൈസ്തവ ദേവാലയങ്ങൾക്കുനേരേ അധിനിവേശവുമായി ഹിന്ദുത്വവാദികൾ. ജാബുവ ജില്ലയിലെ ക്രൈസ്തവ ആരാധനാലയത്തിന് മുകളിൽ കയറി കുരിശിനു മുന്നിലായി ഒരു സംഘം യുവാക്കൾ കാവിക്കൊടി ഉയർത്തുന്നതിന്റെ വീഡിയോയും ചിത്രങ്ങളും സമൂഹമാധ്യമങ്ങളിലൂടെയാണ് പുറത്തുവന്നത്. കഴിഞ്ഞ ഞായറാഴ്ചയാണ് മധ്യപ്രദേശിൽ പ്രൊട്ടസ്റ്റന്റ് ശാലോം ചർച്ചിന്റെ മൂന്ന് പള്ളികളിലും ചർച്ച് ഓഫ് നോർത്ത് ഇന്ത്യയുടെ കീഴിലുള്ള ഒരു പള്ളിയിലും ഹിന്ദുത്വ തീവ്രവാദി സംഘം കാവിക്കൊടി സ്ഥാപിച്ചത്.

ജയ് ശ്രീറാം വിളികളോടെയായിരിന്നു കൊടി നാട്ടൽ. അയോധ്യയിൽ രാമക്ഷേത്ര ഉദ്ഘാടനത്തിന്റെ ആഘോഷങ്ങളുടെ ഭാഗമായാണ് കാവി പതാക സ്ഥാപിക്കുന്നതെന്നു ഹിന്ദുത്വവാദികൾ പറയുന്ന ദൃശ്യങ്ങളും പുറത്തുവന്നിരിന്നു. ഞായറാഴ്ച വൈകുന്നേരം പോലീസ് സംഘം സംഭവസ്ഥലം സന്ദർശിച്ച് അന്വേഷണം നടത്തിയെങ്കിലും ഫലമുണ്ടാകില്ലായെന്നാണ് പ്രദേശവാസികൾ പറയുന്നത്. സംഭവത്തെക്കുറിച്ചു പോലീസിനെ അറിയിച്ചെങ്കിലും കേസ് രജിസ്റ്റർ ചെയ്യാൻ വിസമ്മതിച്ചുവെന്ന് പാസ്റ്റർ നർബു അമലിയാർ വെളിപ്പെടുത്തി. എല്ലാ ഞായറാഴ്ച്ചകളിലും പ്രാർത്ഥന നടത്തുന്ന ആരാധന നടത്തുന്ന പള്ളിയിലാണ് കാവിക്കൊടി കെട്ടിയതെന്ന് പാസ്റ്റർ പറഞ്ഞു.

ഞായറാഴ്ച പ്രാർത്ഥന കഴിഞ്ഞ് ഉച്ചകഴിഞ്ഞ് മൂന്നോടെ 25 ഓളം പേർ ജയ് ശ്രീറാം വിളികളുമായി എത്തിയാണ് പള്ളിയുടെ മുകളിൽ കയറി കുരിശിന്റെ മുന്നിൽ കാവിക്കൊടി കെട്ടിയത്. സംഭവം ഒത്തുതീർപ്പിലെത്തിക്കാൻ പോലീസ് നിർബന്ധിക്കുകയാണെന്ന് ശാലോം ക്രൈസ്തവ കൂട്ടായ്മയുടെ അധ്യക്ഷൻ പോൾ മുനിയ പറഞ്ഞു. അക്രമികൾക്കെതിരേ നടപടിയെടുക്കണമെന്ന് ജാബുവ രൂപത പബ്ലിക് റിലേഷൻസ് ഓഫീസർ ഫാ. റോക്കി ഷാ ആവശ്യപ്പെട്ടു. മധ്യപ്രദേശിൽ വെറും 0.29 ശതമാനം മാത്രമാണ് ക്രൈസ്തവർ. മതപരിവർത്തന നിരോധന നിയമം നടപ്പാക്കിയ രാജ്യത്തെ 11 സംസ്ഥാനങ്ങളിൽ ഒന്നാണ് മധ്യപ്രദേശ്.

# രാജ്യത്തെ നടുക്കിയ കൊടുംക്രൂരതയ്ക്ക് 25 വയസ്




രാജ്യത്തെ നടുക്കിയ കൊടുംക്രൂരതയ്ക്ക് 25 വയസ്. ഓസ്ട്രേലിയൻ മിഷനറി ഗ്രഹാം സ്റ്റുവർട്ട് സ്റ്റെയിൻസ്, മക്കളായ 10 വയസുകാരൻ ഫിലിപ്പ്, ആറു വയസുകാരൻ തിമോത്തി എന്നിവരെ ഒഡീഷയിലെ കിയോൺജാർ ജില്ലയിലെ മനോഹർപുർ ഗ്രാമത്തിൽവച്ച് 1999 ജനുവരി 22-ന് അർദ്ധരാത്രിയിലായിരുന്നു തീവ്രഹിന്ദുത്വവാദികൾ ചുട്ടുകൊന്നത്. അവിടെ നടന്ന മെഡിക്കൽ ക്യാമ്പിലും പ്രാർത്ഥനാ സമ്മേളനത്തിലും പങ്കെടുക്കാൻ എത്തിയതായിരുന്നു സ്റ്റെയിൻസ് മക്കൾക്കൊപ്പം. ജീപ്പിനുള്ളിൽ കിടന്നുറങ്ങിയിരുന്ന അവരെ ദാരാസിംഗിന്റെ നേതൃത്വലുള്ള 50 അംഗ സംഘം പെട്രോളിച്ച് തീവയ്ക്കുകയായിരുന്നു. രക്ഷപ്പെടാൻ ശ്രമിച്ച അവരെ ആയുധങ്ങൾ ഉപയോഗിച്ച് അഗ്നികുണ്ഠത്തിലേക്ക് വീണ്ടും തള്ളിയിട്ടു. ആ സമയം ഭാര്യ ഗ്ലാഡിസും മകൾ എസ്തറും ബാരിപഡയിലെ വീട്ടിലായിരുന്നു.

1941-ൽ ഓസ്ട്രേലിയയിലെ പാംവുഡ്സിൽ ജനിച്ച ഗ്രഹാം സ്റ്റെയിൻസ് 1965-ലായിരുന്നു ഇന്ത്യയിലെത്തിയത്. തുടർന്നുള്ള 34 വർഷം മയൂർബഞ്ച് ജില്ലയിലെ കുഷ്ഠരോഗികൾക്കിടയിലായിരുന്നു അദ്ദേഹത്തിന്റെ നിസ്വാർത്ഥമായ പ്രവർത്തനങ്ങൾ. നാട്ടുകാർ സായിബോ എന്നായിരുന്നു സ്നേഹപൂർവം വിളിച്ചിരുന്നത്. കുഷ്ഠരോഗികൾക്കിടയിൽ സന്നദ്ധപ്രവർത്തനം നടത്തിയിരുന്ന ഓസ്ട്രേലിയൻ വനിത ഗ്ലാഡിസിനെ 1983-ലായിരുന്നു വിവാഹം ചെയ്തത്. ബാരിപാഡ ഗ്രാമത്തിൽ വളരെ പരിമിതമായ സൗകര്യങ്ങളിലായിരുന്നു പിന്നീട് ആ കുടുംബം ജീവിച്ചത്.

ഗ്രഹാം സ്റ്റെയിൻസിന്റെയും മക്കളുടെയും ദാരുണ മരണത്തിനുശേഷവും മതംമാറ്റം നടത്തിയതുകൊണ്ടാണ് അദ്ദേഹം അക്രമിക്കപ്പെട്ടതെന്ന വാദം നിരത്തി തീവ്രഹിന്ദുത്വസംഘടനകൾ രംഗത്തുവന്നിരുന്നു. ഗ്രഹാം സ്റ്റെയിൻസ് മതപരിവർത്തനം നടത്തിയെന്ന് ബിജെപി എംപി സത്യപാൽ സിംഗ് പാർലമെന്റിൽ പറയുകയും ചെയ്തിരുന്നു. എന്നാൽ, ഈ കേസ് അന്വേഷിച്ച വാധ്വാ കമ്മീഷൻ കണ്ടെത്തിയത് അവിടെ നിർബന്ധിത മതപരിവർത്തനം നടത്തിയിട്ടില്ല എന്നായിരുന്നു. ഫാ. അരുൾദാസിനെ അമ്പെയ്ത് കൊന്നതടക്കം രണ്ടു കൊലപാതകങ്ങൾ നടത്തിയ ദാരാസിംഗ് ഇപ്പോൾ ജയിലിലാണ്.

ഭർത്താവിനെയും തന്റെ രണ്ടു പിഞ്ചുകുഞ്ഞുങ്ങളോടും കൊടുംക്രൂരത കാട്ടിയവരോട് ക്ഷമിക്കുന്നു എന്ന് പരസ്യമായി പ്രഖ്യാപിച്ച ഗ്ലാഡിസ് സ്റ്റെയിൻസ് 2004 വരെ ഭർത്താവ് ചെയ്തിരുന്ന പ്രവർത്തനങ്ങളുമായി ഇന്ത്യയിൽ തുടർന്നു. 2005-ൽ പത്മശ്രീ പുരസ്കാരം നൽകി അവരുടെ പ്രവർത്തനങ്ങളെ ആദരിച്ചു. അതേതുടർന്ന് ലഭിച്ച സംഭാവനകൾ ഉപയോഗിച്ച് ഗ്രഹാം സ്റ്റെയിൻസിന്റെ നേതൃത്വത്തിൽ ആരംഭിച്ചിരുന്ന കുഷ്ഠരോഗാശുപത്രി വിപുലീകരിച്ച് ഗ്രഹാം സ്റ്റെയിൻസ് മെമ്മോറിയൽ ആശുപത്രി എന്നു പേരു നൽകിയിരുന്നു.

വിവാഹിതയായ മകൾ ഡോ. എസ്തറിനും ഭർത്താവ് റൂബെനും നാലു കൊച്ചുമക്കൾക്കുമൊപ്പം ഓസ്ട്രേയയിലെ ടൗൺസ് വില്ലിലാണ് ക്രിസ്തീയ ക്ഷമയുടെ ആൾരൂപമായി മാറിയ ഗ്ലാഡിസ് സ്റ്റെയിൻസ് ഇപ്പോൾ താമസിക്കുന്നത്.







# കഠിനാധ്വാനം കൊണ്ട് നാടിനെ തീറ്റിപ്പോറ്റിയവരാണ് ഇടുക്കിക്കാർ : മാർ റാഫേൽ തട്ടിൽ

കഠിനാധ്വാനം കൊണ്ട് നാടിന്റെ വിശപ്പടക്കാൻ പരിശ്രമിച്ചവരാണ് ഇടുക്കിയിലെ കുടിയേറ്റ കർഷകർ എന്ന് സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പറഞ്ഞു. നാട്ടിലെ പട്ടിണി മാറ്റാൻ വേണ്ടിയിട്ടാണ് നാട്ടിൻപുറങ്ങളിൽ നിന്ന് ആളുകളെ ഹൈറേഞ്ചിലേക്ക് കുടിയേറാൻസർക്കാരുകൾ പ്രോത്സാഹിപ്പിച്ചത്. എന്നാൽ സത്യം മറന്ന് പലരും കുടിയേറ്റക്കാരായ കർഷക ജനതയെ പലപ്പോഴും കയ്യേറ്റക്കാരായി ചിത്രീകരിച്ചിട്ടുണ്ട്. എല്ലാത്തരത്തിലും അർപ്പണബോധമുള്ളവരാണ് ഇടുക്കിക്കാർ. വലിയ ത്യാഗവും കഠിനാധ്വാനവും കൊണ്ടാണ് നെടുങ്കണ്ടത്ത് മനോഹരമായ ദേവാലയം സ്ഥാപിക്കപ്പെട്ടിട്ടുള്ളത് എന്നും അദ്ദേഹം പറഞ്ഞു. നെടുംകണ്ടം സെന്റ് സെബാസ്റ്റ്യൻസ് ഇടവകയുടെ പുതിയ ദേവാലയം കൂദാശ ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ഹൈറേഞ്ചിലെ ജനതയുടെ വിശ്വാസത്തിന്റെ ഗോപുരമാണ് നെടുങ്കണ്ടത്ത് ഉയർന്നിരിക്കുന്നത്. വിശ്വാസ സമൂഹത്തിന്റെ സമർപ്പണം ആണ് ഈ ആലയത്തെ കൂടുതൽ മനോഹരമാക്കുന്നത് എന്നും അദ്ദേഹം പറഞ്ഞു.

ദൈവാലയം കൂദാശ ചെയ്ത് സമർപ്പിച്ചതിനെ തുടർന്ന് നെടുങ്കണ്ടം ഇടവകയെ മേജർ ആർക്കി എപിസ്കോപ്പിൽ തീർത്ഥാടന ദേവാലയമായി അദ്ദേഹം പ്രഖ്യാപിക്കുകയും ചെയ്തു. മേജർ ആർച്ച് ബിഷപ്പായി ഉയർത്തപ്പെട്ടതിനു ശേഷം ആദ്യമായി രൂപതയിലെത്തിയ പിതാവിന് രൂപതാ തലത്തിൽ ഔദ്യോഗിക സ്വീകരണവും നൽകി. രാവിലെ 9 മണിക്ക് കല്ലാറിൽ നിന്ന് വാഹന റാലിയുടെ അകമ്പടിയോടെ മേജർ അർച്ച് ബിഷപ്പിനെ സ്വീകരിച്ചാനയിച്ചു. 9 30ന് പള്ളിയങ്കണത്തിൽ എത്തിയ അദ്ദേഹത്തെ രൂപതാ മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ സ്വീകരിച്ചു. തുടർന്ന് സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കൻഡറി സ്കൂളിൽ നിന്നും ആരംഭിച്ച പ്രദക്ഷിണത്തിൽ 150 വൈദികർ പങ്കെടുത്തു. തിരുകർമ്മങ്ങളിൽ സീറോ മലബാർ സഭയുടെ കൂരിയാമെത്രാൻ മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ ഇടുക്കി രൂപതാ മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ വികാരി ജനറാൾ മാരായ മോൺ. ജോസ് പ്ലാച്ചിക്കൽ, മോൺ. അബ്രഹാം പുറയാറ്റ്, മോൺ. ജോസ് കരിവേലിക്കൽ എന്നിവർ സഹകാർമികരായിരുന്നു. വിവിധ സന്യാസിനി സമൂഹ സമർപ്പിതർ, വിവിധ ഇടവകകളിൽ നിന്നുള്ള കൈകാരന്മാർ, ഭക്തസംഘടനകളുടെ ഭാരവാഹികൾ, രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, അടക്കം 10,000 ത്തോളം ആളുകൾ തിരുകർമ്മങ്ങളിൽ പങ്കാളികളായി. വിശുദ്ധ കുർബാനയെ തുടർന്ന് ഇടവകയെ മേജർ ആർക്കി എപിസ്കോപ്പിൽ തീർത്ഥാടന ദേവാലയമായി പ്രഖ്യാപിച്ചു കൊണ്ടുള്ള കൽപ്പന സീറോ മലബാർ സഭയുടെ ചാൻസലർ റവ. ഫാ. എബ്രഹാം കാവിൽ പുരയിടത്തിൽ വായിച്ചു. പ്രഖ്യാപനത്തെ തുടർന്ന് ഇടവക വികാരി ആർച്ച് പ്രീസ്റ്റ് എന്ന് അറിയപ്പെടും. അതിന്റെ രേഖകൾ മാർ റാഫേൽ തട്ടിൽ ഇടവക വികാരി ഫാ. ജെയിംസ് ശൗര്യംകുഴിക്ക് കൈമാറി.

ആദ്യമായി രൂപതയിലെത്തിയ മേജർ ആർച്ച് ബിഷപ്പിനെ ഇടുക്കി എംപി ഡീൻ കുര്യാക്കോസ്, ശ്രീ എം എം മണി എംഎൽഎ, മുൻ എംപി ശ്രീ ജോയിസ് ജോർജ്, വിവിധ സന്യാസ സമൂഹങ്ങളിലെ സുപ്പീരിയേഴ്സ്, രൂപതയിലെ ഭക്ത സംഘടനകളുടെ പ്രസിഡന്റ്മാർ എന്നിവർ പൂച്ചെണ്ടു നൽകി ആദരിച്ചു.

ഉച്ചയ്ക്കുശേഷം നടന്ന സമ്മേളനത്തിൽ രൂപതയിലെ വൈദികർ, സമർപ്പിതർ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, കൈക്കാരൻമാർ, ഭക്ത സംഘടനകളുടെ ഭാരവാഹികൾ എന്നിവരുമായും മേജർ ആർച്ച് ബിഷപ്പ് സംവദിച്ചു.

# സഭാ തലവന് ഇടുക്കിയിൽ ഉജ്ജ്വല സ്വീകരണം










# നേട്ടങ്ങൾ കൊയ്ത് ഇടുക്കി രൂപത



കെ.സി.വൈ.എം സംസ്ഥാന കലോത്സവത്തിൽ
കെ.സി.വൈ.എം ഇടുക്കി രൂപതയ്ക്ക് രണ്ടാം സ്ഥാനം



കെ.സി.എസ്.എൽ സംസ്ഥാന കലോത്സവത്തിൽ
കെ.സി.എസ്.എൽ ഇടുക്കി രൂപതയ്ക്ക് രണ്ടാം സ്ഥാനം



മിഷൻലീഗ് സംസ്ഥാന കലോത്സവത്തിൽ
മിഷൻലീഗ് ഇടുക്കി രൂപതയ്ക്ക് മൂന്നാം സ്ഥാനം

# കുടുംബങ്ങൾ ജീവന്റെയും സ്നേഹത്തിന്റെയും വിശുദ്ധ സ്ഥലങ്ങളാണ്: മാർ ജോൺ നെല്ലിക്കുന്നേൽ



*ദമ്പതി സംഗമത്തിൽ പങ്കെടുത്തവർ ഇടുക്കി രൂപതാ മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേലിനൊപ്പം*

കുടുംബങ്ങൾ ജീവന്റെയും സ്നേഹത്തിന്റെയും വിശുദ്ധ സ്ഥലങ്ങളാണെന്ന് ഇടുക്കി രൂപതാ മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ. രൂപതയിൽ ഈ വർഷം വിവാഹ വാർഷികത്തിന്റെ രജത ജൂബിലിയും സുവർണ്ണ ജൂബിലിയും ആഘോഷിക്കുന്നവരുടെ സംഗമം ചുരുളിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ദമ്പതികൾ തമ്മിലുള്ള നിസ്വാർത്ഥ സ്നേഹത്തിന്റെയും അതിലൂടെ ദൈവത്തിന്റെ സൃഷ്ടി കർമ്മത്തിലുള്ള പങ്കാളിത്തത്തിന്റെയും ക്ഷണമാണ് വിവാഹം. കുടുംബങ്ങളിൽ ജാഗ്രത കുറയുന്നത് ഇന്നത്തെ പ്രതിഭാസമാണ്. കുടുംബാഗംങ്ങൾ എല്ലാവരും കുടുംബത്തോടുള്ള ജാഗ്രതയാൽ നിറയണം. ജാഗ്രത കുറയുന്നതാണ് കുടുംബങ്ങൾ ശിഥിലമാകാൻ കാരണം എന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. തിരുക്കുടുംബത്തിന്റെ തിരുനാളിനോടനുബന്ധിച്ച് ഇടുക്കി രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിലാണ് ജൂബിലി സംഘടിപ്പിച്ചത്. നൂറിലധികം ദമ്പതികൾ സംഗമത്തിൽ പങ്കെടുത്തു. റവ.ഡോ. ജോസഫ് കടുപ്പിൽ ക്ലാസുകൾ നയിച്ചു. മാർ ജോൺ നെല്ലിക്കുന്നേൽ ജൂബിലി കുർബാനക്ക് കാർമ്മികത്വം വഹിച്ചു. ഫാമിലി അപ്പസ്തലേറ്റ് രൂപതാ ഡയറക്ടർ ഫാ.ബോബി വെങ്ങാലൂർ, ഫാ.ജോസ് ചിറ്റടിയിൽ, സി. നിത്യ സി.എം.സി, സി. സോഫിയ സി.എം സി എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

# യുവജനങ്ങളാണ് നാളെയുടെ കരുത്ത് : മാർ. ജോൺ നെല്ലിക്കുന്നേൽ






കെ സി വൈ എം ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ യുവജന ദിനാഘോഷവും മെഗാ ക്രിസ്മസ് റാലിയും നടത്തപ്പെട്ടു.കെ സി വൈ എം ഇടുക്കി രൂപത പ്രസിഡന്റ് ശ്രീ. ജെറിൻ ജെ പട്ടാംകുളം അധ്യക്ഷ വഹിച്ച ചടങ്ങിൽ ഇടുക്കി രൂപത മെത്രാൻ അഭിവന്ദ്യ മാർ. ജോൺ നെല്ലിക്കുന്നേൽ പിതാവ് ഉദ്ഘാടന കർമ്മം നിർവഹിച്ചു. ജനറൽ സെക്രട്ടറി സാം സണ്ണി സ്വാഗതം ആശംസിച്ചു. ഇടുക്കി രൂപത വികാരി ജനറാൾ മോൺ. ജോസ് പ്ലാച്ചിക്കൽ, കെ സി വൈ എം ഇടുക്കി രൂപത ഡയറക്ടർ റവ ഫാ.ജോസഫ് നടുപടവിൽ, കെ സി വൈ എം മുൻ സംസ്ഥാന പ്രസിഡന്റ് ശ്രീ. സണ്ണി കടൂത്താഴെ എന്നിവർ യോഗത്തിൽ സംസാരിച്ചു. അഗഇ ഇടുക്കി രൂപത പ്രസിഡന്റ് ശ്രീ. ജോർജ് കോയിക്കൽ, AKCC ഗ്ലോബൽ യൂത്ത് വിംഗ് കോർഡിനേറ്റർ ശ്രീ. സിജോ ഇലന്തൂർ, കെ സി വൈ എം ഇടുക്കി രൂപത അനിമേറ്റർ സി. ലിന്റ SABS എന്നിവർ സന്നിഹിതരായിരുന്നു.സെക്രട്ടറി അനിറ്റ സണ്ണി കൃതജ്ഞത അർപ്പിച്ചു സംസാരിച്ചു.

പ്രായഭേദമന്യേ ഇടുക്കി രൂപതയിലെ എല്ലാ ഇടവകകളിലെയും ആളുകളെ ഉൾപ്പെടുത്തിയാണ് പരിപാടി സംഘടിപ്പിച്ചത്. 6 മേഖല കളിൽനിന്നുമായി മൂവായിരത്തോളം യുവജനങ്ങൾ അണിനിരന്ന മെഗാ ക്രിസ്മസ് റാലി കരുണ അനിമേഷൻ സെന്ററിൽ നിന്നും ആരംഭിച്ചു. തുടർന്ന് പൊതുസമ്മേളനവും കെ സി വൈ എം യുവജനങ്ങളുടെ കലാവിരുന്നും നടത്തപ്പെട്ടു.സാന്ത മരിയ മിഷനിൽ നിന്നും ഒരു പറ്റം യുവജനങ്ങളുടെ പങ്കാളിത്തം ഇടുക്കി രൂപതയുടെ യുവജന ദിനത്തിന്റെ മാറ്റുകൂട്ടി.കെ സി വൈ എം ഇടുക്കി രൂപത ഭാരവാഹികൾ ആയ അലക്സ് തോമസ്, സച്ചിൻ സിബി, ബ്രദർ ജോസ് ഓലിക്കൽ അഞ്ജലി ജോർജ്, ജോർജ് ജോസഫ്, ജോയ്സ് ഇമ്മനുവേൽ, ആൽബി ബെന്നി,സച്ചിൻ തോമസ്, ആൽബിമോൾ ദേവസ്യ, അമല ആന്റണി, അഖില ആന്റണി, ഫ്രാങ്ക്ളിൻ ജോയ്, മെർലിൻ മരിയ ജോർജ്, ബിന്റോ ജോസഫ്, നീതു ഷാജി, ജെബിൻ ജേക്കബ്,നോയൽ കെ ബിനോയ്, ആൽബിൻ ജോസ്, അനു മരിയ തോമസ്, ചിഞ്ചു സിബിച്ചൻ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

# പുനർ കൂദാശ ചെയ്ത വെള്ളയാംകുടി സെന്റ് ജോർജ് ഫൊറോനാ ദൈവാലയം







മാർ ജോൺ നെല്ലിക്കുന്നേൽ വെഞ്ചരിപ്പ് കർമ്മം നിർവഹിച്ച കൈലാസം സെന്റ് ജോസഫ് വിശ്വാസ പരിശീലന കേന്ദ്രം



ആഗോള സീറോ മലബാർ മിഷൻ ക്വസ്റ്റിൽ (Adult category) മൂന്നാം സ്ഥാനം നേടിയ സി. ടെസ്സി SABS വെട്ടുകല്ലേൽ



മാർ ജോൺ നെല്ലിക്കുന്നേൽ വെഞ്ചരിപ്പ് കർമ്മം നിർവഹിച്ച വിമലഗിരിയിലെ വൈദിക മന്ദിരം



ദേശീയ ഗെയിംസിൽ ബാസ്കറ്റ് ബോളിൽ സ്വർണ്ണം നേടിയ തൊവരയാർ ഇടവകാംഗം ചിപ്പി മാത്യു

# ഇടുക്കി രൂപതക്ക് 9 നവവൈദികർ



ഇടുക്കി രൂപതയ്ക്കായി ഒൻപത് വൈദികർ കൂടി അഭിഷിക്തരായി. വിവിധ സെമിനാരിയിൽ നിന്നും പരിശീലനം പൂർത്തിയാക്കിയ അവർ ഇടുക്കി രൂപതാധ്യക്ഷൻ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിന്റെ കൈവയ്പു വഴിയാണ് പൗരോഹിത്യം സ്വീകരിച്ചത്. താന്നിക്കണ്ടം ഇടവകയിൽ നിന്നും ഫാ. ജേക്കബ് കളത്തിക്കാട്ടിൽ, പാലാർ ഇടവകയിൽ നിന്നും ഫാ. സേവ്യർ മേക്കാട്ട്, തോവരയാർ ഇടവകയിൽ നിന്നും ഫാ. ജോർജ് ഞാവള്ളിക്കുന്നേൽ, തങ്കമണി ഇടവകയിൽ നിന്നും ഫാ. ജോസഫ് വള്ളിയാംതടത്തിൽ, ചെമ്പകപ്പാറ ഇടവകയിൽ നിന്നും ഫാ. ജോസഫ് കുമ്പളന്താനം, ആയിരമേക്കർ ഇടവകയിൽ നിന്നും ഫാ. ജോർജ് വള്ളിക്കാട്ട്, കോഴിമല ഇടവകയിൽ നിന്നും ഫാ. ചാക്കോ ആയിലുമാലിൽ, കാൽവരിമൗണ്ട് ഇടവകയിൽ നിന്നും ഫാ. ജോസഫ് പള്ളിവാതുക്കൽ, ജോസ്ഗിരി ഇടവകയിൽ നിന്നും ഫാ. മാത്യു ഈന്തോട്ടത്തിൽ എന്നിവരാണ് നവാഭിഷിക്തരായ വൈദികർ.

